mailed

**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1400** — **06.02.2020-ൽ മറുപടിക്ക്**

**ട്രോളിംഗ് നിരോധനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (എ) | 1988 ലാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത്. |
| (ബി) | ട്രോളിംഗ് നിരോധനം എന്തിനാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും ആണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത്. |
| (സി) | ട്രോളിംഗ് നിരോധന കാലയളവ് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ; | (സി) | കടലിലെ വാണിജ്യ പ്രാധാന്യമുള്ള മിക്ക മത്സ്യങ്ങളുടെയും പ്രജനന കാലമാണ് പ്രധാനമായും ട്രോളിംഗ് നിരോധനത്തിനായി തെരഞ്ഞെടുക്കുന്നത്. മുട്ടകൾക്കും കുഞ്ഞുങ്ങൾക്കും നാശം സംഭവിക്കാതിരിക്കാനാണ് ഈ കാലയളവ് തെരഞ്ഞെടുത്തിരിക്കുന്നത്. പശ്ചിമതീരത്ത് upwelling മൂലവും മറ്റും കടൽ ഏറ്റവും കൂടുതൽ ഉല്പാദന ക്ഷമമാകുന്ന കാലയളവും ട്രോളിംഗ് നിരോധന കാലയളവ് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാറുണ്ട്. |
| (ഡി) | ട്രോളിംഗ് നിരോധനം മൂലം മത്സ്യസമ്പത്ത് വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (ഡി) | കണ്ടെത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവ് ട്രോൾബാൻ മൂലം ഉണ്ടായിട്ടുമുണ്ട് എന്ന് CMFRI യുടെ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നുണ്ട്. അമിത ചൂഷണം ഉണ്ടായിട്ടുകൂടി മത്സ്യസമ്പത്ത് ഒരു |

| | | | |
|---|---|---|---|
| | | | പരിധിവരെ സുസ്ഥിരമായി നിലനിർത്തുന്നതിന് ട്രോൾബാൻ സഹായകമാകുന്നുണ്ട്. അടിത്തട്ടിലുള്ള മത്സ്യങ്ങളുടെ എണ്ണവും ഉപരിതലമത്സ്യങ്ങളുടെ എണ്ണത്തിലും ട്രോൾബാനിനുശേഷം ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി വിവിധ ഹാർബറുകളിൽ നിന്നും ലാന്റിംഗ് സെന്ററുകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നുണ്ട് |
| (ഇ) | ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ഇ) | സംസ്ഥാനത്ത് സാധാരണയായി ജൂൺ,ജൂലൈ മാസങ്ങളിലാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. ഈ കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ട്. എന്നാൽ യന്ത്രവത്കൃത യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഇത്തരത്തിലുള്ളവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ നൽകുന്നു. കൂടാതെ ഈ കാലയളവിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് 4500/-രൂപ (കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം ഉൾപ്പെടെ) വിതരണം ചെയ്യുന്നു. |
| (എഫ്) | എത്ര പേർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (എഫ്) | 39,232 പേർക്ക് സൗജന്യ റേഷനും, കടൽ മത്സ്യത്തൊഴിലാളികളിൽ 1,75,368 പേർക്ക് സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരമുള്ള 4500/-രൂപ വീതം ധനസഹായവും ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**